**GAZETTE DATE : 31.12.2024**

**LAST DATE : 29.01.2025**

## <u>CATEGORY NO: 583/2024</u>

Applications are invited online only from qualified candidates for Selection to the under mentioned post in Kerala Government Service. Applications must be submitted online only through the official website of the Kerala Public Service Commission (www.keralapsc.gov.in) after 'ONE TIME REGISTRATION'. Candidates who have already registered can apply through their profile.

| | | | |
|---|---|---|---|
| **1.** | **Department** | **:** | **Police (India Reserve Battalion Regular Wing)** |
| **2.** | **Name of post** | **:** | **Police Constable** |
| **3.** | **Scale of Pay** | **:** | **Rs. 31100 – 66800** |
| **4.** | **Number of Vacancies** | **:** | **Anticipated Vacancies** |

*<u>Note:</u>* *i)* *The Ranked List of candidates published by the Commission in response to this notification shall cease to be in force after one year from the date of finalisation of Ranked List(As per notification No. AV(2) 2376/14/GW dated 04.04.2016. Extra Ordinary gazette dated 15.04.2016). Candidates will be advised from the said list against the vacancies reported and pending before the Commission and the vacancies that may be reported to the Commission in writing during the period of currency of the list.*

*ii)* *In the case of difference in original caste/community claimed in the application and that entered in the SSLC book, candidates shall produce a gazette notification in this regard, along with Non creamy layer certificate/Community Certificate at the time of certificate verification.*

**5. Method of appointment : Direct recruitment**

*Note :* Differently Abled Candidates and Women Candidates are not eligible to apply for this post

**6. Age 18 –26.**

Only candidates born between 02.01.1998 and 01.01.2006 (both dates included) are eligible to apply for this post.

Note: (i) The upper age limit shall be relaxed upto 29 years for candidates belonging to OBC , upto 31 years for SC and ST and upto 41 years for Ex-servicemen.

(ii) Other conditions regarding age relaxation in para 2 of Part II general conditions of the Gazette Notification are not applicable to this selection.

**7. Qualifications:**

**1. <u>Educational Qualifications:</u>**

**Pass in SSLC or its equivalent**

**Note:** (i) In the case of scheduled castes and scheduled tribes candidates who have failed in the SSLC Examination shall also be considered if sufficient number of qualified candidates are not avalaible to fill up the quota of Police Constables reserved for the Scheduled Castes/Scheduled Tribes.

(ii) Rule 10(a)(ii) Part II of KS & SSR applicable.

(iii) Candidates who claim equivalent qualification instead of qualification mentioned in the notification shall produce the relevant government order to prove the equivalency at the time of

verification, then only such qualification shall be treated as equivalent to the prescribed qualification concerned.

**2. Physical Qualifications:**

Must be physically fit and should possess the following minimum physical standards as prescribed below

(a) (i) Height - 167 cms

(ii) Chest - 81 cms with a minimum expansion of 5 cms.

Note: Minimum height and chest measurements shall be 160 cms and 76 cms respectively for Schedule Castes and Scheduled Tribe candidates. The minimum chest expansion of 5 cms shall, however be applicable for them also.

(b) **Visual Standards**:

Must be certified to possess the Visual Standards specified below without glasses.

| | **Right Eye** | **Left Eye** |
|---|---|---|
| Distant vision | 6/6 Snellen | 6/6 Snellen |
| Near vision | 0.5 Snellen | 0.5 Snellen |

*Note:* *1) Each eye must have full field of vision.*

*2) Colour Blindness, Squint or any morbid conditions of the eyes or lids of either eye shall be a disqualification.*

*(c) Must be free from apparent physical defects like knock-knee, flat foot, varicose veins, bow legs, deformed limbs, irregular and protruding teeth, defective speech and hearing.*

*The candidates should produce at the time of certificate verification a Medical Certificate (in original) in the form given below certifying to possess the physical fitness and eye sight without glass obtained from a Medical Officer not below the rank of Assistant Surgeon in Government Service.*

**FORM OF MEDICAL CERTIFICATE**

*(To be obtained from Medical Officer not below the rank of an Assistant Surgeon)*

I have this day, medically examined Sri......................................................................... ……………………………………………………….(Name & Address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock-knee, flat foot, varicose vein, bow legs, deformed limbs, irregular and protruding teeth and defective speech and hearing. His age, according to his own statement is ..............and by appearance is .................... and his standards of vision are as follows: -

**I. STANDARDS OF VISION ( *Eye Sight without glasses*)**

| | | Right Eye | Left Eye |
|---|---|---|---|
| 1. | Distant Vision | ......... Snellen | ........... Snellen |
| 2. | Near Vision | ......... Snellen | ........... Snellen |
| 3. | Field of Vision | ......... | |

*(Specify whether full or not. Entry 'normal' 'good' etc., will be inappropriate here).*

4. Colour Blindness ………………..

5. Squint ………………..

6. Any morbid conditions of the eye or lid of either eye. ……………..

II IDENTIFICATION MARKS

1. …......................................................................................................................

2. …......................................................................................................................

He is physically fit for the post of Police Constable (India Reserve Battalion-Regular Wing) in Police Department.

I certify to the best of my knowledge and belief that the applicant Sri. …..................................................................................................... (Name & Address) is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature

Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear)

Place:

Date:

*(Office Seal)*

***Note*:** Details regarding Standards of vision should be clearly stated in the Certificate, as given above. Vague statements such as vision 'normal', 'good' 'average' etc. will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the Certificate will not be accepted. Applications with defective Medical Certificates will be rejected.

**8. Endurance Test :-**

All eligible candidates for appointment to the Regular Wing of the India Reserve Battalion have to undergo an endurance test, which will be of qualifying nature, and shall consist of a Road Run of 3 Kms, to be completed in 13 minutes.

**9. Written Test/OMR Test:-**

Those who qualify in the endurance test will have to undergo a written test /OMR Test .

**10. Physical Efficiency Test:-**

Physical Efficiency Test will be conducted for those candidates who are found qualified in the written test/ OMR Test. They must qualify in at least 5 events out of 8 items specified below of the National Physical Efficiency one star standard tests with minimum standards noted against each namely:-

**STANDARD OF PHYSICAL EFFICIENCY**

| **Sl. No.** | **Items** | | **One Star** |
|---|---|---|---|
| 1. | 100 meters race | : | 14 Seconds |
| 2. | High Jump | : | 132.20 Cm |
| 3. | Long Jump | : | 457.20cm |
| 4. | Putting the shot of 7264 grams | : | 609.60 cms |

| | | | |
|---|---|---|---|
| 5. | Throwing the Cricket Ball | : | 6096 cms |
| 6. | Rope Climbing (only with hands) | : | 365.80 cms |
| 7. | Pull ups or chinning | : | 8 times |
| 8. | 1500 meters run | : | 5 minutes and 44 seconds |

***Notes:-***

1. The physical measurement of the candidates will be taken before Physical Efficiency Test and those who do not possess the prescribed physical measurement will not be considered for further selection process. Candidates who sustain any injuries or accidents while participating in the physical efficiency test will not be given another chance to participate in the physical efficiency test.

2. Those qualifying in the Physical Efficiency Test will be subjected to suitable medical tests in such manner as may be decided by the Kerala Public Service Commission in which those found unsuitable shall be eliminated.

**11. <u>Training</u>**

(a) Those selected for training as Trainee Police Constables of India Reserve Battalion shall undergo a pre-service training on a prescribed syllabus.

(b) **Bond :-** Those who get selected for appointment as Police Constable Trainee in India Reserve Battalion shall execute a bond to the effect that they will serve in the India Reserve Battalion for a period of 5 years after completion of training failing which they will have to remit an amount of Rs.50,000/-(Rupees Fifty Thousand only).

(c) **Stipend** :- Trainee Police Constables in the India Reserve Battalion will be paid a monthly stipend equivalent to that of their basic pay during their period of training or as decided by the Government from time to time.

(d) **Probation:** Every person appointed to Regular Wing of India Reserve Battalion shall from the date on which he joins duty after successful completion of pre-service training, be on probation for a total period of two years on duty within a continuous period of three years.

| | |
|---|---|
| **12.**<br>**(A)** | **Mode of Submitting applications:-**<br>Candidates shall register as per 'ONE TIME REGISTRATION ' system on the Official Website of Kerala Public Service Commission 'www.keralapsc.gov.in' for applying for the post. Candidates who have registered shall apply by logging on to their profile using their User- ID and password. Candidates shall click on the 'Apply Now' button of the respective posts in the Notification link for applying for a post. Candidates who are creating new profile should upload photograph which is taken within six months. Name of the candidate and date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before applying for a post, candidates must ensure correctness of the information in their profile. They must quote the User- ID for further communication with the Commission. Applications once submitted will be received as provisional and particulars cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile.** |

| | |
|---|---|
| | **All correspondences with the Commission, regarding the application should be accompanied with the print out of the application.** Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age, etc., have to be produced as and when called for. |

**(B)** If Endurance Test/written Test /OMR Test/Online Test is conducted as part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets prior to 15 days of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phones registered in it.

**(C)** **The Examination Schedule and the Syllabus will be notified separately. The Tentative Schedule of the Physical Efficiency Test will be published on 15th January 2025.**

**(D)** Candidates who have AADHAAR card should add AADHAAR card as the ID Proof in their profile.

**(E)** **Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc., and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/ practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.**

**13** Last date for submission of applications :- **29/01/2025 Wednesday** upto 12.00 midnight.

**14** Address to which applications are to be submitted: - www.keralapsc.gov.in

**15** **Candidates are required to acquaint themselves with the instructions given in the notification as Part-II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 583/2024

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **പോലീസ്**<br>**(ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ റഗുലർ വിംഗ്)** |
| 2. | **ഉദ്യോഗപ്പേര്** | : | **പോലീസ് കോൺസ്റ്റബിൾ** |
| 3. | **ശമ്പളം** | : | **₹ 31100 – 66800** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **പ്രതീക്ഷിത ഒഴിവുകൾ** |

കുറിപ്പ്:- I) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും (04.04.2016 തീയതിയിലെ AV(2)2376/14/GW നമ്പർ വിജ്ഞാപനം, അസാധാരണ ഗസറ്റ് തീയതി 15.04.16). കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

ii) ഉദ്യോഗാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി തെരഞ്ഞെടുപ്പിന്റെ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

5. **നിയമനരീതി** : **നേരിട്ടുള്ള നിയമനം**

കുറിപ്പ്: ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

6. **പ്രായപരിധി** : **18–26**

ഉദ്യോഗാർത്ഥികൾ 02/01/1998 – നും 01/01/2006 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

കുറിപ്പ് : (I) മറ്റ് പിന്നോക്ക വിഭാഗത്തിൽ പ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 29 വയസ്സ് വരെയും എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 31 വയസ്സ് വരെയും വിമുക്ത ഭടൻമാർക്ക് 41 വയസ്സ് വരെയും ഉയർന്ന പ്രായപരിധിയിൽ ഇളവ് ഉണ്ട്.

(ii) വയസ്സിളവിനെ സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് പൊതു വ്യവസ്ഥയിൽ ഖണ്ഡിക 2 – ൽ ചേർത്തിട്ടുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

7. **<u>യോഗ്യതകൾ</u>**

1. **<u>വിദ്യാഭ്യാസ യോഗ്യതകൾ</u>**

**എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.**

കുറിപ്പ്:

1. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ സംബന്ധിച്ച് യോഗ്യതയുള്ള മതിയായ എണ്ണം ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി പാസ്സാകാത്ത ഉദ്യോഗാർത്ഥികളെ അവർക്ക് സംവരണം ചെയ്തിട്ടുള്ള ക്വാട്ട തികയ്ക്കുന്നതിനായി മാത്രം പരിഗണിക്കുന്നതായിരിക്കും.
2. ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10(a)(ii) ബാധകമായിരിക്കുന്നതാണ്.
3. നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്ക് പുറമേ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

2. **<u>ശാരീരിക യോഗ്യതകൾ</u>**

ഉദ്യോഗാർത്ഥികൾ ശാരീരികക്ഷമതയുള്ളവരും ചുവടെപ്പറയുന്ന ഏറ്റവും കുറഞ്ഞ ശാരീരിക അളവുകൾ ഉള്ളവരുമായിരിക്കണം.

എ) (I) ഉയരം 167 സെ.മീ

(ii) നെഞ്ചളവ് 81 സെ.മീ ഏറ്റവും കുറഞ്ഞ നെഞ്ച് വികാസം 5 സെ.മീ.

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും കുറഞ്ഞത് 160 സെ.മീ ഉയരവും 76 സെ.മീറ്റർ നെഞ്ചളവും നെഞ്ച് വികാസം 5 സെ.മീറ്ററും ഉണ്ടായിരിക്കേണ്ടതാണ്.

ബി) **<u>കാഴ്ചശക്തി:</u>**

കണ്ണടവയ്ക്കാതെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | **കാഴ്ച** | **വലതുകണ്ണ്** | **ഇടതു കണ്ണ്** |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

<u>കുറിപ്പ്:</u>

1. ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.
2. വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(സി) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷൻ സമയത്ത് താഴെക്കൊടുത്തിട്ടുള്ള മാതൃകയിൽ കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും ശാരീരികയോഗ്യതയും തെളിയിക്കുന്നതിന് സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

## <u>FORM OF MEDICAL CERTIFICATE</u>

*(To be obtained from Medical Officer not below the rank of an Assistant Surgeon)*

I have this day, medically examined Sri.......................................................................................................... ...............................................................(Name & Address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock-knee, flat foot, varicose vein, bow legs, deformed limbs, irregular and protruding teeth and defective speech and hearing. His age, according to his own statement is ...............and by appearance is .................... and his standards of vision are as follows: -

**I. STANDARDS OF VISION** ***(Eye Sight without glasses)***

| | | <u>Right Eye</u> | <u>Left Eye</u> |
|---|---|---|---|
| 1. | Distant Vision | ......... Snellen | ........... Snellen |
| 2. | Near Vision | ............ Snellen | ........... Snellen |
| 3. | Field of Vision | ......... | |

*(<u>Specify whether full or not</u>. Entry 'normal' 'good' etc., will be inappropriate here).*

4. Colour Blindness ...................
5. Squint ...................
6. Any morbid conditions of the eye or lid of either eye. ................

II IDENTIFICATION MARKS

1. ........................................................................................................................
2. ........................................................................................................................

He is physically fit for the post of Police Constable (India Reserve Battalion-Regular Wing) in Police Department.

I certify to the best of my knowledge and belief that the applicant Sri. ........................................ ............. ........................................................ (Name & Address) is the person herein above described and that the attached photograph has a reasonably correct likeness.

| Photo of the Candidate |
|---|

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear

Place:
Date:

*(Office Seal)*

<u>കുറിപ്പ്:</u> കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവ്യക്തമായ പ്രസ്താവനകൾ അതായത് വിഷൻ " നോർമൽ, ഗുഡ്, ആവറേജ് " മുതലായവ സ്വീകാര്യമല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി രേഖപ്പെടുത്തിയിട്ടുള്ളത് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാത്ത സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

**8. <u>എൻഡ്യൂറൻസ് ടെസ്റ്റ്:</u>**

ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന്റെ ആദ്യപടിയായി യോഗ്യത നിർണ്ണയിക്കുന്നതിനായി ഉദ്യോഗാർത്ഥികൾക്കായി ഒരു എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test) നടത്തുന്നതാണ്. 13 മിനിറ്റിനുള്ളിൽ റോഡ് മാർഗ്ഗം 3 കിലോമീറ്റർ ഓടി എത്തി യോഗ്യത തെളിയിക്കേണ്ട പരീക്ഷയാണിത്.

**9. <u>എഴുത്തു പരീക്ഷ/ഒബ്ജക്ടീവ് ടെസ്റ്റ് (ഒ.എം.ആർ) പരീക്ഷ :</u>**

എൻഡ്യൂറൻസ് ടെസ്റ്റിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കായി ഒരു എഴുത്തു പരീക്ഷ/ഒ.എം.ആർ പരീക്ഷ നടത്തുന്നതായിരിക്കും.

**10. <u>കായികക്ഷമതാ പരീക്ഷ:</u>**

ഒ.എം.ആർ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കായി കായികക്ഷമതാ പരീക്ഷ നടത്തുന്നതാണ്. അവർ നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) ഇനങ്ങളിൽ യോഗ്യത നേടിയിരിക്കണം.

| <u>ക്രമ നമ്പർ</u> | <u>ഇനങ്ങൾ</u> | <u>വൺ സ്റ്റാർ നിലവാരം</u> |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 cms |
| 3. | ലോംഗ് ജംപ് | 457.20 cms |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 cms |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 cms |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cms |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

<u>കുറിപ്പ്:</u> (1) കായികക്ഷമതാ പരീക്ഷയ്ക്ക് മുൻപായി ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ തുടർന്നുള്ള തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ മറ്റൊരവസരം നൽകുന്നതല്ല.

(2) കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികളെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന രീതിയിൽ ഒരു മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതും ഇതിൽ യോഗ്യത നേടാത്തവരെ ഒഴിവാക്കുന്നതുമായിരിക്കും.

**11. <u>ട്രെയിനിംഗ്</u>**

A. ഇൻഡ്യ റിസർവ്വ് ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ (ട്രെയിനി) ആയി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത സിലബസ്സ് പ്രകാരമുള്ള പ്രീ-സർവ്വീസ് ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്.

**<u>b.</u>** <u>ബോണ്ട്</u>

ഈ തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നയാൾ പോലീസ് കോൺസ്റ്റബിൾ ട്രെയിനി ആയി ട്രെയിനിംഗ് പൂർത്തിയാക്കിയശേഷം ഇൻഡ്യ റിസർവ്വ് ബറ്റാലിയനിൽ കുറഞ്ഞപക്ഷം 5 വർഷം

സേവിച്ചുകൊള്ളാമെന്നും അല്ലാത്തപക്ഷം 50,000/- (അൻപതിനായിരം) രൂപ അടച്ചുകൊള്ളാമെന്നും വ്യവസ്ഥ ചെയ്യുന്ന ഒരു ബോണ്ട് ഹാജരാക്കേണ്ടതുമാകുന്നു.

C. സ്റ്റൈപ്പൻഡ്:

പരിശീലനകാലയളവിൽ പോലീസ് കോൺസ്റ്റബിൾ (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ) തസ്തികയ്ക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളത്തിന് തുല്യമായതോ അല്ലെങ്കിൽ ഗവൺമെന്റ് കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്നതോ ആയ സ്റ്റൈപ്പൻഡിനും അർഹത ഉണ്ടായിരിക്കും.

D. പ്രൊബേഷൻ :

ഈ തസ്തികയ്ക്ക് നിയമിക്കപ്പെടുന്നയാൾ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയതിനുശേഷം തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

12. **അപേക്ഷ സമർപ്പിക്കേണ്ട രീതി :**

(A) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി പ്രൊഫൈൽ ആരംഭിക്കുന്നഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്.ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാക്കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(C) **പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്. കായികക്ഷമതാ പരീക്ഷയുടെ Tentative Schedule 2025 ജനുവരി 15 ന് പ്രസിദ്ധീകരിക്കുന്നതാണ് .**

(D) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

(E) **വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ**

**പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.**

**13.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **29.01.2025 ബുധനാഴ്ച** അർദ്ധരാത്രി 12.00 മണി വരെ.

**14.** അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് വിലാസം : www.keralapsc.gov.in

**15.** **ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.**

**സാജു ജോർജ്ജ്**

സെക്രട്ടറി
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**